തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# വധശ്രമക്കേസിലെ പ്രതി പിടയിൽ

കോവിഡ്-19

# വിലക്ക് ലംഘനം: 98 പേർക്കെതിരെ നിയമനടപടി 14,600/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം: വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ വധശ്രമ കേസിലെ പ്രതി പിടിയിലായതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വട്ടിയൂർക്കാവ്, മലമുകൾ, കുറ്റിയാമൂട്, ദാസ് ഭവനിൽ ഉണ്ണി (33) യെയാണ് വട്ടിയൂർക്കാവ് പോലീസ് അറസ്റ്റ് ചെയ്തത്. നെട്ടയം, ആശ്രമം റോഡിൽ ഒഴുക പാറമേലേ വിളവീട്ടിൽ ചന്ദ്രനെയാണ് പ്രതി വധിക്കാൻ ശ്രമിച്ചത്. പ്രതിക്ക് കടം കൊടുത്തിരുന്ന തുക തിരികെ ചോദിച്ചതാണ് ആക്രമിക്കാൻ കാരണം. പ്രതിക്ക് എതിരെ മുൻപും വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ കൊലപാതക ശ്രമത്തിന് കേസ് എടുക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. എസ് എച്ച് ഒ ശാന്തകുമാർ, എസ് ഐ മാരായ യേശുദാസ്, ജയപ്രകാശ്, പ്രബേഷൻ എസ് ഐ അഭിലാഷ്, എ എസ് ഐമാരായ ശ്രീകുമാർ, രാജേഷ്, എസ് സി പി ഓ ശ്രീകാന്ത് എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നല്കിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 98 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 16 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 68 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 5 പേരിൽ നിന്നുമായി 14,600/-

രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 5 വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 3 കടകൾക്കുമെതിരെ ഇന്നലെ നിയമനടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്കവ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമനടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

08-11-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി